അവിവാഹിതരായ മാതാക്കൾ

17(220) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, അട്ടപ്പാടി മേഖലകളിലെ ആദിവാസികൾക്കിടയിൽ അവിവാഹിതരായ മാതാക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(സി) ട്രൈബൽ ഹോസ്റ്റലുകളിൽ അന്തേവാസികളായിട്ടുള്ളവർ അവിഹിത ഗർഭം ധരിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗവൺമെന്റ് നടപടികൾമൂലം ഏതെങ്കിലും അവിവാഹിത മാതാവിനെ ഭർത്തൃമതിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) അട്ടപ്പാടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെലവപ്പ്മെന്റ് പ്രോജക്ട് ആ മേഖലയിലെ ആദിവാസികൾക്കിടയിലെ അവിവാഹിത മാതാക്കളേയും കുട്ടികളെയും സംരക്ഷിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ ;

(എഫ്) ആദിവാസി പെൺകുട്ടികളെ ഈ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാനും അവിവാഹിത മാതാക്കളെയും കുട്ടികളെയും പുനഃധിവസിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരം കുറ്റകൃത്യങ്ങൾക്ക് എതിരെ 1989-ലെ അതിക്രമം തടയൽ നിയമപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകളിൽ അവിവാഹിതരായ അമ്മമാർക്ക് അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റി നിർദ്ദേശിക്കുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനിതാ കമ്മീഷൻ മുഖേന ഡി.എൻ.എ ടെസ്റ്റ് നടത്താനുള്ള സംവിധാനവും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സർക്കാർ തലത്തിൽ പട്ടികവർഗ്ഗ വികസന സമിതി രൂപീകരിച്ച് അവിവാഹിതരായ മാതാക്കളേയും കുട്ടികളേയും സംരക്ഷിക്കാൻ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. സിന്ധു, ജ്യോതിമണി, ദേവി എന്നിവരുടെ പരാതികളുടെ അടിസ്ഥാനത്തിൽ അഗളി, ഷോളയൂർ പോലീസ് സ്റ്റേഷനുകളിൽ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസിലെ പെൺകുട്ടികൾക്ക് പുനരധിവാസത്തിന് 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആവണിപ്പാറ ആദിവാസികോളനിയിലേക്ക് നടപ്പാലം

18(221) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ ആവണിപ്പാറ ആദിവാസി കോളനിയിലേക്ക് നടപ്പാലം നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയത് എന്നാണ് ;

(ബി) ഇതിനായി എന്തു തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) ഈ തുക വിനിയോഗിക്കാനോ നടപ്പാലം നിർമ്മാണം ആരംഭിക്കാനോ സാധിക്കാതിരുന്നതിനുള്ള കാരണമെന്താണ് ;

(ഡി) ഈ നടപ്പാലം എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടില്ല.

(ബി) ഇതിനായി തുകയൊന്നും വകിയിരുത്തിയിട്ടില്ല.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാലനിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

യുവജന നയം

19(222) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് യുവജന നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly